## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5591 — 02.07.2019-ൽ മറുപടിക്ക്

### മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ താമസിക്കുന്ന മലൈപണ്ടാര വിഭാഗത്തിൽപ്പെട്ട നിരവധിപേർക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ലാതെ ഇപ്പോഴും വാടകവീടുകളിൽ കഴിയുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കുമോ; | എ) യും ബി) യും സി) യും ഡി) യും | തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ പട്ടികവർഗ്ഗ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നില്ല. തോന്നയ്ക്കലിൽ മലൈപണ്ടാരം എന്ന് അവകാശപ്പെടുന്ന കുടുംബങ്ങൾ തമിഴ്നാട്ടിൽ നിന്നും കുടിയേറിയ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വീരശൈവരാണെന്നും ടി കുടുംബക്കാർ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടവരല്ലെന്നും കിർത്താഡ്സിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടതായി റവന്യൂ വകുപ്പിന്റെ ജാതി സർട്ടിഫിക്കറ്റ് ഉള്ള കുടുംബങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. |
| ബി) | മലൈപണ്ടാരങ്ങൾക്ക് കേരളത്തിൽ സംവരണം ഏർപ്പെടുത്തിയെങ്കിലും ഇവർക്ക് ആയത് ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | | |
| സി) | പ്രസ്തുത വിഷയം സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് റവന്യൂ അധികൃതരിൽ നിന്നും റിപ്പോർട്ട് വാങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| ഡി) | മേൽവിഷയങ്ങൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**